Week 2

# Weekly Devotion - September 2018

## Voice of "The Guide" (വഴി നടത്തുന്ന ശബ്ദം)




പ്രസിദ്ധ ചൈനീസ് ഗ്രന്ഥകാരനായ ലിൻയുടാംഗ് ഒരു കാലത്ത് ക്രിസ്ത്യാനി ആയിരുന്നു. എന്നാൽ പിന്നീട് അദ്ധേഹം ക്രിസ്തു മതം ഉപേക്ഷിച്ചു. ചില പ്രഗത്ഭമതികളുടെ അഭിപ്രായങ്ങൾ യാഥാർത്ഥവഴിയിൽ നിന്ന് അദ്ദേഹത്തെ വ്യതിചലിപ്പിച്ചു. അവരുടെ ആശയങ്ങളോടൊപ്പം യാത്രചെയ്ത പ്പോൾ തന്റെ യാത്രയുടെ ദിശമാറിയതായി അദ്ദേഹം മനസ്സിലാക്കി. ഇത്രയും നാൾ വഴിതെറ്റിയപ്പോൾ മെഴുകുതിരിവെട്ടമേ തനിക്ക് ലഭിച്ചുള്ളൂ. അതിനാൽ തന്റെ തെറ്റ് മനസ്സിലാക്കിയ അദ്ദേഹം മകനേ ഈ വെട്ടം ഉപേക്ഷിക്കുക, നീതിയിൽ സൂര്യൻ ഉദിച്ചു വഴി ഇതിലേ എന്ന് തന്നോടു പറയുന്ന ശബ്ദം കേട്ടു. ലിൻ വീണ്ടും ക്രിസ്തുമതം സ്വീകരിച്ചു, യഥാർത്ഥ വഴികണ്ടെത്തിയ അദ്ദേഹം രചിച്ച ഗ്രന്ഥമാണ്.

"A Gentile becomes a christian"

ലിൻകേട്ടതുപോലെ നമുക്കും വഴിപറഞ്ഞു തരുന്ന ഒരു സ്വർഗ്ഗീയനുണ്ട്. അവൻ നമ്മുടെ ഉപദേഷ്ടാവാണ്. വഴിതെറ്റുന്നവർക്കും, വഴി നിശ്ചയമില്ലാത്തവർക്കുമാണ് ഉപദേഷ്ടാവ് വഴികാട്ടികൊടുക്കുന്നത്. യഹോവയുമായി ബന്ധം വിച്ഛേദിച്ച് മെഴുകുതിരിവെട്ടത്തിലാണ് ഇവർ നടക്കുന്നത്. ഇവർ മത്സരമുള്ള ജനവും ഭോഷ്ക്ക് പറയുന്ന മക്കളും യഹോവയുടെ ന്യായപ്രമാണം അനുസരിക്കാത്തവരുമാണ് കൂടാതെ പ്രവാചകന്മാരോട് നേരുള്ളത് പ്രവചിക്കരുത് മധുരവാക്ക് പറഞ്ഞ് വഴിവിട്ട് നടന്ന് വ്യാജം പ്രവചിക്കുവാൻ ആവശ്യപ്പെടുന്നു. അതികഠിനമായി പറഞ്ഞത് യിസ്രായേലിന്റെ പരിശുദ്ധനെ ഞങ്ങളുടെ വഴിയിൽ നിന്ന് മാറ്റുവിൻ എന്ന് ആയിരുന്നു. യഹോവയുടെ കോപത്തിന്റെ ഒരു ചെറിയ അംശം കേരളത്തിലെ ജനങ്ങൾ കഴിഞ്ഞ ആഗസ്റ്റ് 14th മുതൽ ഒരാഴ്ചയോളം അനുഭവിച്ചപ്പോൾ മനസ്സിലായി എന്ന് വിശ്വസിക്കുന്നു. യെശ:(30:14,15) വാക്യങ്ങളിൽ ഇവർക്കുള്ള ശിക്ഷ എന്തെന്ന് രേഖപ്പെടുത്തുന്നു. യിസ്രായേലിന്റെ പരിശുദ്ധനായ യഹോവ അനുസരണം കെട്ടവരോട് ദയയുള്ളവനായതിനാൽ അരുളിച്ചെയ്യുന്നത് "മനംതിരിഞ്ഞ് അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടുമെന്നാണ്"

പുറ:( 23:20-22) വരെയുള്ള വാക്യങ്ങളിൽ യഹോവയുടെ നാമമുള്ള ഒരു ദൂതനെ അവൻ നിയമിച്ച വഴിയിൽ നമ്മെ നടത്തുവാൻ ആക്കിയതായി കാണാം. യഹോവയുടെ നാമം അവനിലുള്ളതിനാൽ വിഘടിക്കാതെ അവന്റെ വാക്കുകേട്ട് മുമ്പോട്ട് പോകുവാൻ ദൈവം ആവശ്യപ്പെടുന്നു. യോഹ: (14:6) ൽ വഴിയും സത്യവും ജീവനും പുത്രൻ തന്നെ എന്ന് വ്യക്തമായി പറയുന്നു. പുത്രൻ കാട്ടിത്തരുന്ന വഴിയിലൂടെയല്ലാതെ പിതാവിന്റെ അടുക്കൽ ആർക്കും എത്തുവാൻ കഴിയുകയുമില്ല. വിളികേട്ട് ഇറങ്ങി കാട്ടിത്തരുന്ന വഴിയെ യാത്രചെയ്യുന്നവന്റെ വഴിയേ വിളികേൾക്കാത്തവന് യാത്ര പൂർത്തിയാക്കുവാൻ കഴിയുകയുമില്ല. ഉദാഹരണമായി യിസ്രായേൽ മക്കൾക്ക് ഒരുക്കിയ ചെങ്കടലിലെ പാതയിൽകൂടി വന്ന മിസ്രേമ്യർക്ക് യാത്ര പൂർത്തികരിപ്പാൻ കഴിഞ്ഞില്ല.അനർഹരെ കടത്തിവിടാത്ത വഴിയിൽ കൂടി യാത്രക്കൊരുങ്ങാതെ മനംതിരിഞ്ഞ് മടങ്ങിവന്ന് യാത്ര പൂർത്തിയാക്കുക. ഇന്നും വഴി ഇതിലേ എന്ന് ശബ്ദം മുഴങ്ങുന്നുണ്ട് എന്നാൽ ലോകഇമ്പം വർദ്ധിച്ചപ്പോൾ ആരും അത് ശ്രദ്ധിക്കുന്നില്ല. പണവും ജഡീകഇച്ഛകളും അവരെ പിൻതിരിപ്പിക്കുന്നു.

വഴി ഇതിലേ എന്ന ശബ്ദം കേട്ടവനും, വഴികാട്ടികളായ ചില മതനേതാക്കന്മാരും ജീവിതഇമ്പത്തിനടിമകളാകുന്നു. അമ്പേ! ജനം നശിക്കുന്നു. യഹോവ കീറിക്കളഞ്ഞാൽ വിടുവിപ്പാനാരും കാണുകയില്ല.

വീണ്ടും വീണ്ടും വ്യാജം പറയുന്നവരേ അനന്യാസിന്റെയും സഫീറയുടെയും അനുഭവം മറക്കരുത് Read : അപ്പോ:5,1-10)

പ്രിയരേ അതിനാൽ സകല സത്യത്തിലും വഴിനടത്തുന്ന കൃപാലുവിന്റെ അടുക്കലേക്ക് പശ്ചാത്താപത്തോടെ മടങ്ങിവരിക ദൈവം നിങ്ങളെ അനുഗ്രഹിക്കും.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind